## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2728 09.03.2017-ൽ മറുപടിക്ക്

## ശൈവ വെള്ളാള സമുദായ സംവരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| എ) | ശൈവ വെള്ളാള സമുദായത്തിൽ ഉൾപ്പെട്ടവർക്ക് ഒ.ബി.സി. സംവരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ? | എ) | ഉണ്ട്. ശൈവ വെള്ളാള സമുദായം നിലവിൽ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത സമുദായത്തെപ്പറ്റിയുള്ള കിർത്താഡ്സിന്റെ പഠന റിപ്പോർട്ട് ലഭിച്ചശേഷം ആയത് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ശുപാർശ ചെയ്ത് ലഭ്യമാക്കിയാൽ മാത്രമേ സർക്കാരിന് ഈ വിഷയം പരിഗണിക്കുവാൻ കഴിയൂ. ശൈവ വെള്ളാള സമുദായത്തെപ്പറ്റിയുള്ള പഠനത്തിനാവശ്യമായ പ്രാഥമികവും ദ്വിതീയവുമായ വിവരശേഖരണം കിർത്താഡ്സ് പൂർത്തിയാക്കി കഴിഞ്ഞു. മാർച്ച് 31 -നകം പഠനറിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് കിർത്താഡ്സ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ